©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, വ്യാഴം
Thiruvananthapuram, Thursday

2025 സെപ്റ്റംബർ 25
25th September 2025
1201 കന്നി 9
9th Kanni 1201
1947 ആശ്വിനം 3
3rd Aswina 1947

നമ്പർ
No.
3405

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.376/2025/റവ തീയതി , തിരുവനന്തപുരം, 2025 സെപ്റ്റംബർ 24.

എസ്. ആർ. ഒ. നമ്പർ 1102/2025

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, പോർക്കുളം, കുന്നംകുളം വില്ലേജുകളിൽപ്പെട്ട 5.095884 ഹെക്ടർ ഭൂമി കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013 ലെ കേന്ദ്ര നിയമം 30) 4-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ തന്മൂലം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, നിയമത്തിൽ അനുശാസിക്കുംവിധം സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും സെന്റർ ഫോർ ലാൻഡ് ആന്റ് സോഷ്യൽ സ്റ്റഡീസ്, പാങ്ങോട്, തിരുമല പി.ഒ., തിരുവനന്തപുരം എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ഇതിനാൽ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത നടപടിക്രമം 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the acquisition of 5.095884 Hectares of land in Chowannur, Porkkulam and Kunnamkulam Villages of Thrissur District for the development of Ring road at Kunnamkulam.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

NOW THEREFORE, sanction is hereby accorded to Social Impact Assessment Unit, viz. Centre for Land and Social Studies, Pangode, Thirumala P.O, Thiruvananthapuram to conduct a Social Impact assessment Study and to prepare a Social Impact Assessment Plan as provided in the Act. The process shall be completed within a period of 3 months in any case.

പട്ടിക

ജില്ല : തൃശ്ശൂർ

താലൂക്ക് : തലപ്പിള്ളി, കുന്നംകുളം.

വില്ലേജ് : ചൊവ്വന്നൂർ, പോർക്കുളം, കുന്നംകുളം.

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

റീസർവ്വെ നം.	വില്ലേജ്	താലൂക്ക്	വിസ്തീർണ്ണം (ഹെക്ടർ)
29, 30	ചൊവ്വന്നൂർ	തലപ്പിള്ളി	**5.095884 ഹെക്ടർ**
427, 428, 453, 619, 623, 624, 625, 627	പോർക്കുളം	കുന്നംകുളം	
37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 50, 61, 75, 79, 80, 81, 82, 84, 85, 86, 92, 96, 97, 99, 100, 105	കുന്നംകുളം		

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഗീത എ

അഡീഷണൽ സെക്രട്ടറി (റവന്യൂ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.2015 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്. തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, പോർക്കുളം, കുന്നംകുളം വില്ലേജുകളിൽപ്പെട്ട 5.095884 ഹെക്ടർ ഭൂമി കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതിനു വേണ്ടിയാണ് അർത്ഥന ലഭിച്ചിട്ടുള്ളത്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.25 01:01:37 +05:30